# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 611 28.09.2016 ലെ മറുപടിയ്ക്ക്**

## ശുദ്ധജല സ്രോതസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, ബി.സത്യൻ<br>,, ആർ.രാജേഷ്<br>,, ഒ.ആർ.കേളു: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ശുദ്ധജല സ്രോതസുകൾ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഇതിനായി നിലവിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ)&(ബി)<br><br>ജലവിഭവ സംരക്ഷണം ലക്ഷ്യം വച്ചുകൊണ്ടുള്ള 'ഹരിത കേരളം' പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നല്കി കഴിഞ്ഞു. പദ്ധതി വഴി നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം (പുനരുജ്ജീവനം, നവീകരണവും ശുദ്ധീകരണവും) ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലസംസ്കാരം ഉടലെടുക്കുന്നതാണ്. ജല സ്രോതസുകൾ നവീകരിക്കുന്നതിനായി പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജനയിൽ ഉൾപ്പടുത്തി ജില്ലാ ജലസേചന പദ്ധതിയ്ക്കും രൂപം നല്കി വരുന്നു. |
| (സി) കുളങ്ങളും ജലാശയങ്ങളും മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പദ്ധതി കൾ ആവിഷ്ക്കരിക്കുമോ;<br><br>(ഡി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | (സി)&(ഡി)<br><br>ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായും തടയുക, ഇവയെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ യുവ ജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.